**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3346** **13-07-2022 - ൽ മറുപടിയ്ക്ക്**

**ഗൃഹശ്രീ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഗൃഹശ്രീ പദ്ധതി കെയർ ഹോം പദ്ധതിയുമായി സമന്വയിപ്പിച്ചാൽ കൂടുതൽ വീടുകൾ നിർമ്മിക്കുന്നതിന് സഹായകമാകുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ; | (എ) | 2018 ലെ പ്രളയപുനരധിവാസ പദ്ധതികളുടെ ഭാഗമായി സർക്കാർ സഹകരണവകുപ്പുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് കെയർ ഹോം പദ്ധതി .<br><br>2018 -ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽ സമ്പൂർണമായും വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സഹകരണ സംഘങ്ങളുടെ സഹായത്തോടെ സംസ്ഥാനത്തൊട്ടാകെ 2,000 വീടുകൾ നിർമ്മിച്ച് നൽകുന്നതിന് ലക്ഷ്യമിട്ടാണ് കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ടം ആവിഷ്കരിച്ച് നടപ്പിലാക്കിയത്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2018 -ലും 2019 -ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി ഭവന സമുച്ചയം നിർമ്മിച്ച് നൽകുന്നത് ലക്ഷ്യം വച്ചാണ് കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടം ആസൂത്രണം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.<br><br>കെയർ ഹോം പദ്ധതി നടപ്പിലാക്കുന്നത് മേൽ പരാമർശിച്ച ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിലാണ്. ആയതിനാൽ കെയർ ഹോം പദ്ധതി ഗൃഹശ്രീ പദ്ധതിയുമായി സമന്വയിപ്പിക്കുന്നതിന് നിലവിൽ ആലോചനകളൊന്നും നടന്നിട്ടില്ല. |
| (ബി) | ഗൃഹശ്രീ പദ്ധതിയുടെ വ്യവസ്ഥകൾ എന്തെല്ലാമാണ്; ഈ പദ്ധതിയിൽ വീടിന് അപേക്ഷിക്കുന്നതിന്റെ നടപടിക്രമം എന്താണ്; | (ബി) | സ്വന്തമായി രണ്ടോ മൂന്നോ സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല/ താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടനകൾ/ എൻ .ജി .ഓ / കാരുണ്യവാന്മാരായ വ്യക്തികൾ |

| | | | |
|---|---|---|---|
| | | | എന്നിവർ സ്പോൺസർ ചെയ്യാൻ ആഗ്രഹിക്കുന്ന ഗുണഭോക്താവിന് വേണ്ടി ഒരു ലക്ഷം രൂപയും ഗുണഭോക്താവ് ഒരു ലക്ഷം രൂപയും നിക്ഷേപിച്ച് സർക്കാർ സബ്സിഡിയായ 2 ലക്ഷം രൂപയും ചേർത്ത് 4 ലക്ഷം രൂപ നിർമ്മാണ ചിലവിൽ തറവിസ്തീർണ്ണം 83 ച.മീറ്ററിൽ നിജപ്പെടുത്തി 4 ഗഡുക്കളായി നൽകുന്ന പദ്ധതിയാണ് ഗൃഹശ്രീ പദ്ധതി. ഗൃഹശ്രീ പദ്ധതിയിലൂടെ ഭവന നിർമ്മാണത്തിന് ആകെ 4,00,000/-രൂപ(നാല് ലക്ഷം രൂപ) യാണ് നിർമ്മാണ പുരോഗതിയനുസരിച്ച് വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്യുന്നത് . ഗൃഹശ്രീ പദ്ധതി പ്രകാരം വീട് അനുവദിക്കുന്ന ഗുണഭോക്താക്കളുടെ റേഷൻ കാർഡ് നമ്പർ/ ആധാർ നമ്പർ എന്നിവ ലൈഫ് മിഷൻ പദ്ധതി ഗുണഭോക്തൃ പട്ടികയുമായി പരിശോധിച്ച് ഇരട്ടിപ്പ്/ ആവർത്തനം (duplication) ഉണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്തുന്ന രീതിയിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.<br><br>ഗൃഹശ്രീ പദ്ധതിയുടെ വ്യവസ്ഥകൾ, ഗൃഹശ്രീ പദ്ധതിയിൽ വീടിന് അപേക്ഷിക്കുന്നതിന്റെ നടപടി ക്രമം എന്നിവ അറ്റാച്ച്മെന്റ് ആയി ചേർത്തിരിക്കുന്നു. |
| (സി) | ഗൃഹശ്രീ പദ്ധതിയിൽ വീടുകൾ തെരഞ്ഞെടുക്കുന്നതിൽ ഗ്രാമസഭകൾക്കോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ പങ്കില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഗൃഹശ്രീ ഭവന പദ്ധതി ആനുകൂല്യത്തിനായി എൻ.ജി.ഒ / സന്നദ്ധ സംഘടന/ കാരുണ്യവാൻമാരായ വ്യക്തികൾ എന്നിവർ സമർപ്പിയ്ക്കുന്ന പട്ടികയിൽ നിന്നും ഗൃഹശ്രീ നിബന്ധനകൾ അനുസരിച്ചാണ് ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. അതിൽ സ്പോൺസർമാരായി, പഞ്ചായത്തുകളിൽ നിന്നും പദ്ധതി ആനുകൂല്യത്തിന് അപേക്ഷകൾ ലഭിക്കാറുണ്ട്. |
| (ഡി) | ഈ സാമ്പത്തിക വർഷത്തിൽ ഗൃഹശ്രീ വീട് നിർമ്മാണത്തിന് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; ഇത് പ്രകാരം എത്ര വീടുകൾക്കാണ് ധനസഹായം ലഭ്യമാക്കിയത്; വിശദാംശം നൽകാമോ? | (ഡി) | ഈ സാമ്പത്തിക വർഷം ഗൃഹശ്രീ വീട് നിർമ്മാണത്തിന് 10 കോടി രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം അപേക്ഷകൾ ക്ഷണിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

## ഗൃഹശ്രീ ഭവനപദ്ധതി

വിഷയം: കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് - ദുർബല / താഴ്ന്നവരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധസംഘടന / NGO / കാരുണ്യവാൻമാരായ വ്യക്തികളുടെ സഹകരണത്തോടെയുള്ള ഭവന നിർമ്മാണത്തിനായി സർക്കാർ - സബ്സിഡി നൽകുന്ന പദ്ധതി (**ഗൃഹശ്രീ ഭവനപദ്ധതി**) - പദ്ധതി നടത്തിപ്പ് സംബന്ധിച്ച മാനദണ്ഡങ്ങളും വ്യവസ്ഥകളും - സംബന്ധിക്കുന്നത്.

സ്വന്തമായി 2 സെന്റ് / 3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല വിഭാഗം (EWS) / താഴ്ന്ന വരുമാന വിഭാഗം (LIG) ത്തിൽപെട്ടവർക്ക് സന്നദ്ധ സംഘടന / എൻ.ജി.ഒ / കാരുണ്യവാൻമാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി രണ്ട് ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവനപദ്ധതിയ്ക്ക് 26.08.2013-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം. 21/2013/ഭവനം-ലുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

### (1) പദ്ധതി നടത്തിപ്പ്

കേരള സർക്കാരിനുവേണ്ടി, ഹൗസിംഗ് ബോർഡ് മുഖേന ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന ഗൃഹശ്രീ ഭവനപദ്ധതിയ്ക്കായി ഭവനനിർമ്മാണ ബോർഡ് പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതും ഗുണഭോക്തൃവിഹിതം, സ്പോൺസറുടെ വിഹിതം എന്നിവ ഈ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതുമാണ്. എൻ.ജി.ഒ./സന്നദ്ധ സംഘടന/ കാരുണ്യാവാന്മാരായ വ്യക്തികൾ എന്നിവർ സ്പോൺസർമാർ ചെയ്യാൻ ആഗ്രഹിക്കുന്ന ഗുണഭോക്താക്കളുടെ പട്ടിക ബോർഡിനെ അറിയിക്കേണ്ടതാണ്. ടി പട്ടികയിൽ നിന്നും യോഗ്യരായ ഗുണഭോക്താക്കളെ അർഹതാ മാനദണ്ഡങ്ങൾ പരിശോധിച്ച് ബോർഡ് തെരെഞ്ഞെടുക്കുന്നതാണ്. ഇപ്രകാരം തെരെഞ്ഞെടുക്കുന്ന ഗുണഭോക്താക്കളും അവരെ സ്പോൺസർ ചെയ്യുന്ന സ്പോൺസറും ഒരു ലക്ഷം രൂപാ വീതം ബോർഡ് ഈ പദ്ധതിയ്ക്കായി ആരംഭിച്ചിട്ടുള്ള പ്രത്യേക അക്കൗണ്ടിൽ ബാങ്ക് അക്കൗണ്ട് നമ്പർ 67251135092 - SBT ശാന്തിനഗർ, തിരുവനന്തപുരം നിക്ഷേപിക്കേണ്ടതാണ്. ഏതെങ്കിലും ഗുണഭോക്താക്കൾക്ക് അവരുടെ വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ടുള്ള പക്ഷം, ഗുണഭോക്തൃവിഹിതം കൂടി സ്പോൺസർക്ക് ബോർഡിൽ നിക്ഷേപിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്. ഇപ്രകാരം സമാഹരിക്കുന്ന രണ്ട് ലക്ഷം രൂപയും സർക്കാർ സബ്സിഡിയായ രണ്ട് ലക്ഷം രൂപയും ഉൾപ്പെടെയുള്ള നാലു ലക്ഷം രൂപ ഭവനനിർമ്മാണ ബോർഡിന്റെ വ്യവസ്ഥകൾക്ക് വിധേയമായി വീട് നിർമ്മാണത്തിന് ഘട്ടംഘട്ടമായി താഴെപ്പറയും പ്രകാരം ഗുണഭോക്താക്കൾക്ക് വിതരണം

ചെയ്യുന്നതാണ്. അവസാന ഗഡു അനുവദിക്കുന്നതിന് ഗുണഭോക്താവ് കുടി നിൽക്കുന്ന പണിത വീടിന്റെ പോസ്റ്റ് കാർഡിന്റെ വലിപ്പത്തിൽ കുറയാത്ത ഫോട്ടോ സമർപ്പിക്കേണ്ടതാണ്.

2. ഗഡു വിതരണവും, തുക കൈമാറ്റവും

താഴെപ്പറയുന്ന പ്രകാരം നിർമ്മാണ പുരോഗതി കണക്കിലെടുത്ത് നാലു തവണകളായിട്ടാണ് ഗഡുക്കൾ അനുവദിക്കുന്നത്. ഗഡു തുക ഗുണഭോക്താക്കൾ അപേക്ഷയിൽ നൽകിയിട്ടുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്ക് Cross Account Payee cheque അല്ലെങ്കിൽ e-transfer ആയി Credit ചെയ്യുന്നതാണ്.

| | | |
|---|---|---|
| **ഒന്നാംഘട്ടം (ബിൽഡിംഗ് പെർമിറ്റ് ലഭിച്ചാലുടൻ)** | - | **50,000/- രൂപ** |
| **രണ്ടാംഘട്ടം (ഫൗണ്ടേഷനും ബേസ്മെന്റും പൂർത്തിയാകുമ്പോൾ** | - | **1 ലക്ഷം രൂപ** |
| **മൂന്നാംഘട്ടം (കൂരമട്ടമെത്തുമ്പോൾ)** | - | **1 ലക്ഷം രൂപ** |
| **നാലാംഘട്ടം (കൂര വാർത്ത് ഫിനിഷിംഗ് ജോലികൾ തുടങ്ങുകയും, സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് വകുപ്പിന്റെ തീപിടിത്തത്തിനും, പ്രകൃതി ക്ഷോഭത്തിനു എതിരെ പരിരക്ഷ നൽകുന്ന ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കുമ്പോൾ)** | - | **1.50 ലക്ഷം രൂപ** |
| **ആകെ** | - | **4 ലക്ഷം രൂപ** |

ഗഡുക്കളുടെ വിതരണം താഴെപ്പറയുന്ന ഉദ്യോഗസ്ഥരുടെ സാക്ഷ്യപത്ര പ്രകാരം നിർവ്വഹിക്കുന്നതാണ്.

| ഗഡുക്കൾ | ഉദ്യോഗസ്ഥർ | സാക്ഷ്യപ്പെടുത്തുന്ന വിവരം |
|---|---|---|
| ഒന്നാം ഗഡു | ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്ന മുറയ്ക്ക് | ഹാജരാക്കി ധന സഹായം |
| രണ്ടാം ഗഡു | അസിസ്റ്റന്റ് എഞ്ചിനീയർ | കൈവശാവകാശ വസ്തുവിലാണ് ഫൗണ്ടേഷനും, ബേസ്മെന്റും നിഷ്കർഷിച്ചിട്ടുള്ള വിസ്തീർണ്ണം പ്രകാരം നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. |
| മൂന്നാം ഗഡു | അസിസ്റ്റന്റ് എഞ്ചിനീയർ | നിഷ്കർഷിച്ചിട്ടുള്ള വിസ്തീർണ്ണത്തിൽ ഭവന നിർമ്മാണം കുരമട്ടം വരെ പൂർത്തിയാക്കി |

| | | |
|---|---|---|
| നാലാം ഗഡു | അസിസ്റ്റന്റ്, എക്സി.എഞ്ചിനീയർ | നിഷ്ക്കർഷിച്ചിരിക്കുന്ന വിസ്തീർണ്ണത്തിൽ ഭവനത്തിന്റെ കൂര വാർത്ത് ഫിനിഷിംഗ് ജോലികൾ ആരംഭിച്ചു. ഇതോടൊപ്പം സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ഡിപ്പാർട്ടമെന്റിൽ നിന്നുള്ള തീപിടിത്തത്തിനും, പ്രകൃതിക്ഷോഭത്തിനും എതിരെ പരിരക്ഷ നൽകുന്ന ഇൻഷ്വറൻസ് സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതുണ്ട്. |

ഇതിനായി ഗുണഭോക്താവിന് സ്വന്തം ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതും, അക്കൗണ്ട് നമ്പർ ധാരണാ പത്രത്തിൽ കാണിക്കേണ്ടതുമാണ്. വാസയോഗ്യമായ രീതിയിൽ പണി പൂർത്തിയാക്കിയ ശേഷം കെട്ടിടത്തിന്റെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഭവനനിർമ്മാണ ബോർഡ് നൽകുന്നതായിരിക്കും. ഭവനനിർമ്മാണ ബോർഡിന്റെ സേവനങ്ങൾക്കായി അനുവദിക്കുന്ന 4% തുക ഓരോ ഗഡുക്കളിൽ നിന്നും ഭവനനിർമ്മാണ ബോർഡ് പരിശോധന ചിലവുകൾക്കായി ഈടാക്കുന്നതാണ്. ഇതിനു പുറമേ സർക്കാർ നികുതികൾ/നിരക്കുകൾ എന്നിവയും ഗഡു തുകകളിൽ നിന്നും ആനുപാതികമായി ഈടാക്കുന്നതാണ്.

സ്പോൺസറും ഗുണഭോക്താവും ബോർഡിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് പലിശ നൽകുന്നതല്ല.

ഭവനനിർമ്മാണത്തിന് നാലുലക്ഷം രൂപയിൽ അധികരിച്ച ചെലവ് വരികയാണെങ്കിൽ ഓരോ വിഭാഗത്തിലുംപെട്ട ഗുണഭോക്താക്കൾ പ്രസ്തുത അധികതുക കൂടി സ്വയം കണ്ടെത്തേണ്ടതും സ്വന്തം ഉത്തരവാദിത്വത്തിൽ ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതുമാണ്.

ഗൃഹശ്രീ ഭവനപദ്ധതിയ്ക്കായി സർക്കാർ ഓരോ വർഷവും ബഡ്ജറ്റിലൂടെ അനുവദിക്കുന്ന ധനഹായത്തിന്റെ (സബ്സിഡി) തോതിനെ അനുസരിച്ചായിരിക്കും ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിക്കുന്നത്.

സർക്കാർ സബ്സിഡി വിഹിതം മൂന്നാമത്തെയും, നാലാമത്തെയും ഗഡുക്കളിൽ അവസാന ഭാഗമായി മാത്രമായിരിക്കും അഡ്ജസ്റ്റ് ചെയ്യുക.

(3) <u>ഗുണഭോക്താക്കളുടെ തെരെഞ്ഞെടുപ്പ്</u>

സന്നദ്ധസംഘടനകൾ / NGO/കാരുണ്യാവാന്മാരായ വ്യക്തികൾ എന്നിവർ സ്പോൺസർ ചെയ്യാൻ തയ്യാറായിട്ടുള്ള ഗുണഭോക്താക്കളുടെ പട്ടികയിൽ നിന്നും പദ്ധതിയ്ക്കായി

നിഷ്ക്കർഷിച്ചിട്ടുള്ള വിഭാഗത്തിലും വരുമാന പരിധിയിലുംപെട്ട യോഗ്യരായവരെ, അർഹതാ മാനദണ്ഡം പരിശോധിച്ച് ഭവനനിർമ്മാണ ബോർഡ് സുതാര്യമായ രീതിയിൽ തെരെഞ്ഞെടുക്കുന്നതാണ്. ഓരോ സാമ്പത്തികവർഷവും ലഭ്യമാകുന്ന സബ്സിഡി തുകയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് 10% സംവരണമായി മാറ്റി വയ്ക്കുന്നതാണ്. എന്നാൽ ഈ വിഭാഗത്തിൽ അപേക്ഷകരില്ലെങ്കിൽ ജനറൽ വിഭാഗത്തിൽ നിന്നും ആവശ്യമായ എണ്ണം മുൻഗണനാടിസ്ഥാനത്തിൽ മാറ്റി നൽകുന്നതാണ്. കൂടുതൽ അപേക്ഷകർ ഉള്ള പക്ഷം പദ്ധതിയുടെ നിബന്ധനകൾ പാലിച്ചുകൊണ്ട് ആദ്യം അപേക്ഷ സമർപ്പിക്കുന്നവർക്ക് മുൻഗണന ലഭ്യമാകുന്നതാണ്.

4. **ഗുണഭോക്താക്കൾ സമർപ്പിക്കേണ്ട രേഖകൾ**

(1) ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
(2) വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസറിൽ നിന്നും).
(3) വസ്തു കൈവശാവകാശ സർട്ടിഫിക്കറ്റ് ലൊക്കേഷൻ മാപ്പ് സഹിതം (വില്ലേജ് ഓഫീസറിൽ നിന്നും).
(4) വസ്തുവിന്റെ പ്രമാണം (സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പ്).
(5) റേഷൻകാർഡിന്റെ പകർപ്പ് (സ്വയംസാക്ഷ്യപ്പെടുത്തിയത്).
(6) 13 വർഷത്തെ കുടികട സർട്ടിഫിക്കറ്റ്.
(7) ഭവനരഹിതനാണെന്നതിന് വില്ലേജ് ഓഫീസറിൽ /പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ്
(8) ഭവനനിർമ്മാണത്തിനായി മുമ്പ് സർക്കാർ ധനസഹായം ലഭ്യമായിട്ടില്ല എന്ന് കാണിക്കുന്ന വില്ലേജ് ഓഫീസറുടെ - സർട്ടിഫിക്കറ്റ്.
(9) പോക്കു വരവ് ചെയ്ത ശേഷം കരം ഒടുക്കിയ രസീതും, തണ്ടപ്പേർ സർട്ടിഫിക്കറ്റും.
(10) ബാങ്ക് പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പരും, പേരും, വ്യക്തമാക്കുന്ന പേരിന്റെ ഫോട്ടോ കോപ്പി.
(11) ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (SC/ST വിഭാഗത്തിന് മാത്രം).

മേൽപ്പറഞ്ഞ രേഖകളുടെ അസ്സൽ ഭവനനിർമ്മാണ ബോർഡിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. സന്നദ്ധസംഘടനകൾ നൽകുന്ന ഗുണഭോക്താക്കളുടെ പട്ടികയിൽ ബോർഡ് നിഷ്ക്കർഷിക്കുന്ന അർഹതാ മാനദണ്ഡങ്ങൾ പാലിക്കപ്പെടാത്തവരുടെ സ്പോൺസർഷിപ്പ് വിഹിതം പകരക്കാരന് വേണ്ടി നീക്കി വെയ്ക്കുന്നതിനോ തിരികെ നൽകുന്നതിനോ അനുമതിയുണ്ടായിരിക്കും.

(5) **മറ്റു നിബന്ധനകൾ**

i) ഗുണഭോക്താക്കൾക്ക് സ്വന്തമായുള്ള ഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞത് 2സെന്റ്/3 സെന്റ് ആയി നിശ്ചയിച്ചിട്ടുണ്ടെങ്കിലും കൂടുതൽ ഭൂമി ഉള്ളവർക്കും വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അർഹത നിശ്ചയിക്കുന്നതാണ്.

ii) കെട്ടിടത്തിന്റെ അസ്ഥിവാരവും അടിത്തറയും. സ്വന്തം രീതിയിൽ ഇതിനകം പൂർത്തീകരിച്ചിട്ടുള്ളവരുടെ അപേക്ഷകൾ അവരുടെ കെട്ടിടത്തിന്റെ വിസ്തൃതി ഗൃഹശ്രീ പദ്ധതിയുടെ പരിധിയിൽപ്പെടുന്നുവെങ്കിൽ വീട് നിർമ്മാണത്തിനായി പദ്ധതിയിലൂടെ ധനഹായം നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്. എന്നാൽ നേരത്തെ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ സർക്കാരിന്റെ ധനഹായത്തോടെ (വായ്പ/സബ്സിഡി) നടപ്പിലാക്കിയതാകരുത് എന്ന് നിഷ്ക്കർഷിക്കുന്നു. ഇപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയവരും അവരുടെ - സ്പോൺസർമാരും ഒരു ലക്ഷം രൂപാ വീതം ബോർഡിൽ അടയ്ക്കേണ്ടതാണ്.

iii) ഗുണഭോക്താവുമായും NGO / സന്നദ്ധസംഘടന / കാരുണ്യവാൻമാരായ വ്യക്തികളുമായും ബോർഡ് പ്രത്യേക ധാരണാപത്രങ്ങളിൽ ഒപ്പ് വയ്ക്കുന്നതാണ്.

iv) ധാരണാപത്രം ഒപ്പിട്ടതിന് ശേഷം കെട്ടിടം പണിയിൽ വീഴ്ച വരുത്തുകയോ പണി ഉപേക്ഷിക്കുകയോ പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ ബോർഡിൽ നിക്ഷേപിച്ച തുകയും സബ്സിഡി ആനുകൂല്യവും യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല. മാത്രവുമല്ല, നിർമ്മാണഘട്ടങ്ങളിൽ നൽകിയ തുക തിരികെ വസൂലാക്കാൻ ഭവനനിർമ്മാണ ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

v) ധാരണാപത്രത്തിൽ ഒപ്പിടുന്നതിനോടൊപ്പം ഗുണഭോക്താവും സന്നദ്ധസംഘടനയും ഹൗസിംഗ് ബോർഡിൽ ഈ പദ്ധതിയ്ക്ക് പ്രത്യേകമായി തുറന്നിട്ടുള്ള അക്കൗണ്ടിലേയ്ക്ക് തുക നിക്ഷേപിക്കേണ്ടതാണ്. തൻവർഷം ലഭ്യമായിട്ടുള്ള സബ്സിഡി തുക ബോർഡും ഈ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കേണ്ടതും ഈ പദ്ധതി സംബന്ധിച്ച് ലഭിച്ച തുക ഈ അക്കൗണ്ട് വഴി മാത്രം നടപടി നടത്തേണ്ടതുമാണ്.

vi) പൂർത്തീകരിക്കാത്ത വീടുള്ള ഗുണഭോക്താക്കൾക്ക് അവരുടെ കെട്ടിട വിസ്തൃതി പദ്ധതിയുടെ പരിധിയിലാണെങ്കിൽ (വീട് നിർമ്മാണം ആരംഭിച്ചുവെങ്കിലും അത് പൂർത്തീകരിക്കുവാൻ കഴിവില്ലാത്തവർക്ക്) ഗൃഹശ്രീ പദ്ധതിയിലൂടെ വീട് നിർമ്മാണം പൂർത്തീകരിക്കാൻ ധനസഹായം ലഭ്യമാക്കാവുന്നതാണ്. എന്നാൽ പൂർത്തീകരിച്ച നിർമ്മാണപ്രവർത്തനങ്ങൾ സർക്കാരിന്റെ ധനസഹായത്തോടെ (വായ്പ/സബ്സിഡി) നടപ്പിലാക്കിയതാകരുത് എന്ന് നിഷ്ക്കർഷിക്കുന്നു. കൂടാതെ നിർമ്മാണം മൂന്നാം ഘട്ടത്തിന് മേൽ ആരംഭിച്ചിരിക്കരുത്.

vii) ഗുണഭോക്താക്കൾക്ക് അവരുടെ വിഹിതമായ ഒരു ലക്ഷം രൂപ ബോർഡിൽ അടയ്ക്കാൻ ബുദ്ധിമുട്ടുള്ള പക്ഷം, ടി തുക സ്പോൺസർക്ക് ഡെപ്പോസിറ്റായി ബോർഡിൽ അടയ്ക്കാവുന്നതാണ്. ഇപ്രകാരം അടയ്ക്കുന്ന തുക ബാക്കിയുള്ള നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഗുണഭോക്താവും സ്പോൺസറും ബോർഡും തമ്മിലുള്ള ഉഭയസമ്മത പ്രകാരം സ്പോൺസർക്ക് തിരികെ നൽകുന്നതാണ്.

viii) ഈ പദ്ധതിയിലെ സഹായം സ്വീകരിച്ച് നിർമ്മിക്കുന്ന വീടുകൾ 15 വർഷം വരെ വിൽക്കുവാനോ കൈമാറ്റം ചെയ്യുവാനോ പാടില്ല എന്ന് എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്യുന്നതാണ്. നിയമപരമായ അനന്തരാവകാശികൾക്കും ഈ വ്യവസ്ഥ ബാധകമായിരിക്കും.

(6) **ഭവനനിർമ്മാണ ബോർഡിന്റെ സേവനങ്ങൾ**

സർക്കാർ അംഗീകരിച്ച പ്രകാരം ഈ പദ്ധതി പരിപൂർണ്ണമായി നടപ്പാക്കാനുള്ള ഉത്തരവാദിത്വം ഭവനനിർമ്മാണ ബോർഡിൽ നിക്ഷിപ്തമായിരിക്കും. പദ്ധതിയിലെ ഗുണഭോക്താക്കളെ അർഹതാ മാനദണ്ഡങ്ങൾക്കനുസൃതമായി ഭവനനിർമ്മാണ ബോർഡ് തെരഞ്ഞെടുത്തതിന് ശേഷം, ഗുണഭോക്തൃ വിഹിതത്തിലുള്ള ഒരു ലക്ഷം രൂപ പദ്ധതിയ്ക്കായുള്ള പ്രത്യേക അക്കൗണ്ടിൽ, ഗുണഭോക്താവ് മുൻകൂറായി ഒടുക്കി രേഖ ഹാജരാക്കുമ്പോൾ ആയതിനുള്ള രസീത് ബോർഡ് നൽകുന്നതും, ഗുണഭോക്താവ് ഭവനനിർമ്മാണ ബോർഡുമായി ധാരണാപത്രത്തിൽ ഒപ്പുവയ്ക്കേണ്ടതുമാണ്. തുടർന്ന് ഭവനനിർമ്മാണ ബോർഡിലെ ഉദ്യോഗസ്ഥർ ഗുണഭോക്താവിന്റെ വസ്തു പരിശോധിച്ച് സർവെ സ്കെച്ച്, ലൊക്കേഷൻ സ്കെച്ച് എന്നിവ തയ്യാറാക്കുന്നതിനും ടിയാന്റെ താത്പര്യവും സാമ്പത്തിക ചുറ്റുപാടും കണക്കിലെടുത്ത് കെട്ടിടത്തിന്റെ രൂപകൽപ്പന, എസ്റ്റിമേറ്റ്, നിർമ്മാണ സമയക്രമം എന്നിവ തയ്യാറാക്കുന്നതിനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ - സമർപ്പിച്ച് അംഗീകാരം (Building permit) ലഭ്യമാക്കുന്നതിനും ഗുണഭോക്താവിനെ സഹായിക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന കെട്ടിടത്തിന്റെ രൂപരേഖയും, ചെലവും, സമയക്രമവും ചിട്ടയോടെ പാലിച്ച് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഗുണഭോക്താവ് പൂർത്തീകരിക്കേണ്ടതാണ്. ബോർഡിന്റെ ദൈനംദിന മേൽനോട്ടം ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടില്ലാത്തതും ആയതിനാൽ ടി കെട്ടിട നിർമ്മാണത്തിന്റെ ഗുണനിലവാരം ഗുണഭോക്താക്കൾ സ്വയം ഉറപ്പുവരുത്തേണ്ടതുമാണ് അതിനാവശ്യമായ എല്ലാ സാങ്കേതിക ഉപദേശങ്ങളും സാധ്യമായ മറ്റ് സഹായങ്ങളും ബോർഡ് നൽകുന്നതായിരിക്കും. കെട്ടിടത്തിന്റെ മേൽക്കൂര കോൺക്രീറ്റ് ആയിരിക്കണം എന്നാലും അതാത് പ്രദേശത്തെ ഭൂപ്രകൃതിയും, കാലാവസ്ഥയും കണക്കിലെടുത്ത് നിർമ്മാണച്ചെലവിൽ വർദ്ധനവ് വരുത്തുന്ന പക്ഷം, ഷീറ്റ്, ഓട്, എന്നിവ ഉപയോഗി ക്കുന്നതിന് പ്രത്യേകം തീരുമാനങ്ങൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ കൈക്കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്. നിർമ്മാണത്തിന്റെ വിവിധ നിർമ്മാണ ഘട്ടങ്ങളിൽ ചുമതലപ്പെടുത്തിയിട്ടുള്ള ബോർഡ് ഉദ്യോഗസ്ഥർ പരിശോധന നടത്തി നിർമ്മാണപുരോഗതി സർട്ടിഫൈ ചെയ്ത് ശേഷം ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് ബോർഡ് ഓരോ ഘട്ടത്തിലും അനുവദനീയമായ ഗഡു തുക നിക്ഷേപിക്കുന്നതാണ്.

(8) **നിർമ്മാണകാലയളവ്**

വീട് നിർമ്മാണകാലയളവ് ആദ്യഗഡു അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷമായി കണക്കാക്കുന്നു.

A3/49/2022-HSG



"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഭവനനിർമ്മാണ വകുപ്പ് - ബജറ്റ് 2022-2023 - സംസ്ഥാന ഭവനനിർമ്മാണ ബോർഡ് - ഗൃഹശ്രീ ഭവന പദ്ധതി - ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭവനനിർമ്മാണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.58/2022/HSG. തീയതി,തിരുവനന്തപുരം, 10-06-2022

---

പരാമർശം:- 1) 26.08.2013-ലെ സ.ഉ(എം.എസ്) നം.21/2013/ഭവനം ഉത്തരവ്.

2) സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 12.05.2022-ലെ LRC/GL/2019 നമ്പർ കത്ത്.

3) ഭവനനിർമ്മാണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ 01.06.2022-ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

ഉത്തരവ്

സംസ്ഥാനത്ത് രണ്ടോ മൂന്നോ സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള ദുർബല വിഭാഗം / താഴ്ന്ന വരുമാന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് (EWS/LIG Category) സന്നദ്ധ സംഘടന/എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾഎന്നിവരുടെ സഹായത്തോടെ 2.00 ലക്ഷം രൂപ സർക്കാർ സബ്സിഡിയോടു കൂടി വീട് നിർമ്മിച്ചു നൽകുന്ന സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ 'ഗൃഹശ്രീ/ പദ്ധതിക്ക് പരാമർശം (1) പ്രകാരം ർക്കാർ അംഗീകാരം നൽകിയിരുന്നു.

02) 2022-2023 സാമ്പത്തിക വർഷം സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് 'ഗൃഹശ്രീ' പദ്ധതി നടപ്പാക്കുന്നതിന് 2216-80-103-99 (37) ശീർഷകത്തിൽ 10.00 കോടി രൂപ (പത്ത് കോടി രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. ഒരു വീടിന്റെ ആകെ നിർമ്മാണ ചെലവായ 4.00 ലക്ഷം രൂപയിൽ 2.00 ലക്ഷം സബ്സിഡിയും ബാക്കി തുക ഗുണഭോക്താവ്/സന്നദ്ധ സംഘടന/എൻ.ജി.ഒ എന്നിവർ വഹിക്കുകയും ചെയ്യുന്ന ഗൃഹശ്രീ പദ്ധതിക്ക് പൊതുജനങ്ങൾക്കിടയിൽ വ്യാപകമായ സ്വീകാര്യത ഉള്ളതിനാൽ 500 വീടുകൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള പ്രപ്പോസൽ പരാമർശം (2) കത്ത് പ്രകാരം ലഭ്യമാക്കുന്നതോടൊപ്പം, പ്രസ്തുത പദ്ധതിക്ക് അംഗീകാരം നല്കണമെന്നും ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിആവശ്യപ്പെടുകയുണ്ടായി.

03) പ്രസ്തുത പ്രപ്പോസൽ 01.06.2022-ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി ചർച്ച ചെയ്യുകയും കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ 2022-2023 വർഷം 'ഗൃഹശ്രീ' പദ്ധതി പ്രകാരം 500 വീടുകൾ നിർമ്മിക്കുന്നതിന് സബ്സിഡിയായി 10.00 കോടി രൂപ അനുവദിക്കുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം നൽകുകയും ചെയ്തു.

04) ഈ സാഹചര്യത്തിൽ 2022-2023 സാമ്പത്തിക വർഷം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ 'ഗൃഹശ്രീ' പദ്ധതി പ്രകാരം 500 വീടുകൾ നിർമ്മിക്കുന്നതിന് വീടൊന്നിന് 2.00 ലക്ഷം രൂപ നിരക്കിൽ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുന്നതിന് 10,00,00,000/-രൂപയിൽ (പത്ത് കോടി രൂപ മാത്രം) നിജപ്പെടുത്തി ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായ തുക 2022-2023 സാമ്പത്തിക വർഷത്തെ 2216-80-103-99(37) എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്തുന്നതാണ്.

5) ഗൃഹശ്രീ പദ്ധതി പ്രകാരം തുക അനുവദിക്കുമ്പോൾ, ഗുണഭോക്താക്കളുടെ പട്ടിക ലൈഫ് മിഷൻ

ഗുണഭോക്തൃ പട്ടികയുമായി പരിശോധിച്ച് ഇരട്ടിപ്പ്/ആവർത്തനം ഉണ്ടാകില്ലെന്ന് സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഉറപ്പ് വരുത്തേണ്ടതും അതിനനുസരിച്ച് ചെലവ് പരിമിതപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

To

സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

മെമ്പർ സെക്രട്ടറി, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.

ധനകാര്യ (പി.യു.സി) വകുപ്പ്

ആസൂത്രണ- സാമ്പത്തികകാര്യ (പി.ഐ.ഇ&എം) വകുപ്പ്.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Padmarajan V P
Date: 10-06-2022 16:04:08
സെക്ഷൻ ഓഫീസർ